## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

30.11.2018-ലെ മറുപടി

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:951

## പിടിവെട്ടിപ്പാറ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഡോ.എൻ. ജയരാജ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കങ്ങഴ പഞ്ചായത്തിലെ വാട്ടർ അതോറിറ്റിയുടെ പിടിവെട്ടിപ്പാറ കുടി വെള്ള പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ;<br><br>ൽർ ൾൻ | (എ) | കങ്ങഴ പഞ്ചായത്തിൽ 2002-ൽ കേന്ദ്രസഹായത്തോടെയുള്ള ARP-NC/PC-യിൽ ഉൾപ്പെടുത്തി 94.6 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് അനുമതി ലഭിക്കുകയുണ്ടായി. 2 പാക്കേജുകളായി വിഭജിച്ചിരുന്ന ഈ പദ്ധതി യിലുൾപ്പെടുത്തിയിരുന്ന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**പാക്കേജ് 1**<br>1. പുതിയോട്ടിൽ പാറയിൽ 2 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല ജലസംഭരണി<br>2. മുണ്ടംതാനം ഉന്നതതല ജലസംഭരണിയിൽ നിന്നും പുതിയോട്ടിൽ പാറ വരെ 3890 മീറ്റർ പമ്പിങ് മെയിൻ സ്ഥാപിക്കൽ<br>**പാക്കേജ് 2**<br>കങ്ങഴ പഞ്ചായത്തിലെ 1, 2, 4, 5 വാർഡുകളിൽ ജലവിതരണശൃംഖല സ്ഥാപിക്കൽ<br>മേൽ പ്രസ്താവിച്ച ഘടകങ്ങളിൽ പാക്കേജ് 1-ൽ ഉൾപ്പെട്ട ഭൂതല ജലസംഭരണിയുടെ നിർമ്മാണവും 3890 മീറ്റർ ദൈർഘ്യമുള്ള പമ്പിങ് മെയിനിൽ 2175 മീറ്റർ വിതരണശൃംഖലയും പൂർത്തീകരി ച്ചിട്ടുണ്ട്. പമ്പിങ് മെയിനിന്റെ ബാക്കി ഭാഗം ഉൾപ്പെടെയുള്ള ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ച വരുന്നു.<br>പാക്കേജ് 1-ഉൾപ്പെടുത്തിയിരുന്ന പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരൻ പമ്പിങ് മെയിനിന്റെ |

| | ചോദ്യം | | മറുപടി |
|---|---|---|---|
| | | | പണി പൂർത്തീകരിക്കാത്തതിനാൽ ടി കരാർ റദ്ദാക്കുകയും കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ (Risk & Cost) ബാക്കി പ്രവൃത്തികൾക്ക് ദർഘാസ് ക്ഷണിച്ചിരുന്നുവെങ്കിലും ആരും പങ്കെടുത്തിരുന്നില്ല. തുടർന്ന് പദ്ധതിക്ക് പുതുക്കിയ നിരക്കിൽ ഭരണാനുമതി ലഭ്യമാകാത്തതിനാൽ പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. |
| (ബി) | പ്രസ്തുത പദ്ധതി എന്നാണ് അനുവദിച്ചത്; പദ്ധതി പൂർത്തിയായിട്ടുണ്ടോ; | (ബി) | 2002-ലാണ് പദ്ധതിക്ക് ഭരണാനുമതി നൽകിയത്. പദ്ധതി പൂർത്തിയായിട്ടില്ല. |
| (സി) | ഇല്ലായെങ്കിൽ പൂർത്തിയാകുന്നതിനുള്ള തടസ്സങ്ങളെന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | (സി) | 2002-ൽ അനുമതി ലഭിച്ച പദ്ധതിയിൽ പൂർത്തീകരിക്കാത്ത ഘടകങ്ങൾക്ക് പുതുക്കിയ നിരക്കിൽ ഭരണാനുമതി ലഭ്യമാകേണ്ടതുണ്ട്. ഇനി പൂർത്തീകരിക്കുന്നതിനുള്ള ഘടകങ്ങളെല്ലാം ഉൾപ്പെടുത്തി പുതുക്കിയ പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പുതുക്കിയ പദ്ധതി അനുയോജ്യമായ ശീർഷകത്തിലുൾപ്പെടുത്തി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ബാക്കി ഘടകങ്ങൾ പൂർത്തിയാക്കി പദ്ധതി പൂർണ്ണമായി പ്രവർത്തനക്ഷമമാക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**